**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1790** **04.10.2016ൽ മറുപടിയ്ക്ക്**

അഷ്ടമുടി കായൽ ടൂറിസം

**ചോദ്യം**
ശ്രീ.എം. മുകേഷ് :

**ഉത്തരം**
ശ്രീ.എ.സി.മൊയ്തീൻ
(സഹകരണവും വിനോദസഞ്ചാരവും വകുപ്പമന്ത്രി)

[എ] അഷ്ടമുടി കായലിന്റെ ടൂറിസം സാദ്ധ്യതകൾ വേണ്ട വിധം പ്രയോജനപ്പെടുത്തിയിട്ടുള്ളതായി കരുതുന്നുണ്ടോ; വിവരങ്ങൾ

(ബി) അഷ്ടമുടി കായലിലെ ഉൾനാടൻ ടൂറിസം വികസനത്തിനായി പദ്ധതി ആവിഷ്കരിക്കുമോ; നിലവിൽ ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

[എ] & (ബി) അഷ്ടമുടിക്കായലുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 5.38 കോടി രൂപ ചെലവിൽ അഷ്ടമുടി ലേക് ക്രൂയിസ് സർക്യൂട്ട് എന്ന പേരിൽ 8 ബോട്ട് ജെട്ടികളും 5 ഫെസിലിറ്റേഷൻ സെന്ററുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഇവയുടെ നിലവാരം ഉയർത്തുന്നതിനായി 2 കോടി രൂപയുടെ പദ്ധതി. അഷ്ടമുടി, പ്രസിഡന്റ് ട്രോഫി വള്ളംകളിക്കായി 1 കോടി രൂപ ചെലവിൽ പവലിയൻ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. അഷ്ടമുടി കായലിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ഐ.എൽ & എഫ്.എസ് എന്ന കൺസൾട്ടൻസ് സ്ഥാപനം ഒരു പഠനം നടത്തുകയും അതിന്റെ കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ